(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പെരുമ്പാവൂർ മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ അംഗീകാരം ലഭിച്ച ഇരുപ്പുടി പഞ്ചായത്തിലെ പടിക്ക കുളപ്പാറ രംഗിതച്ചിറ പൂർത്തിയാക്കി.

തടയണ നിർമ്മാണ പദ്ധതി

146(846) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. ടി. ജോർജ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തൊക്കെ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വിവിധ പദ്ധതികളിലായി ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നദികളുടെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതരണം താഴാതെ നിർത്തുക, കാർഷികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) 431 തടയണകളുടെ നിർമ്മാണത്തിനായി 689 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly